(ഇ) ജൂൺ, ജൂലൈ മാസങ്ങൾ മഴക്കാലമായതിനാലും മാർച്ച് മാസം പരീക്ഷ നടക്കുന്ന സമയമായതിനാലും മദ്ധ്യവേനലവധി ഉൾപ്പെടെ തുടർച്ചയായി വിദ്യാർത്ഥികൾക്ക് 5 മാസം പരിശീലനം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇതിന് പരിഹാരമായി മദ്ധ്യവേനലവധിക്കാലം കായിക പരിശീലനത്തിന് ഉപയോഗിക്കാനും ദിവസം 12 മണിക്കൂർ കായിക പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഉച്ചയ്ക്കുശേഷം വിശ്രമം അനുവദിക്കുന്ന രീതിയിൽ ക്രമീകരിക്കുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 15-7-2015-ന് നടന്ന സംയുക്തയോഗത്തിൽ ഇക്കാര്യം പരിശോധിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

(ബി) കായിക പരിശീലകരെ Redeployment വ്യവസ്ഥയിൽ നിയമിക്കാൻ കഴിയുമോ എന്ന് അറിയിക്കുന്നതിന് സ്പോർട്സ് കൗൺസിലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഈ ഇനയുടെ വിനിയോഗം നടത്തുന്നതിന് പ്ലാനിംഗ് കമ്മീഷന്റെ അനുമതി ഇതുവരെയും ലഭ്യമായിട്ടില്ലാത്തതിനാലാണ് പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്തത്.

(ഇ) തീരുമാനിക്കപ്പെട്ട സമയക്രമമനുസരിച്ച് വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നുണ്ട്.

(എഫ്) സിലബസ് പരിഷ്കരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി നവീകരണം

24 (3747) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി നവീകരിക്കുവാൻ ഉദ്ദേശിക്കുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പാഠ്യപദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി നവീകരണ പ്രക്രിയകൾ ഇതിനോടകം തന്നെ പൂർത്തിയായിട്ടുണ്ട്. പുതുക്കിയ 35 കോഴ്സുകളിലേക്കാണ് ഈ വർഷം ഒന്നാം വർഷ പ്രവേശനം നടന്നു കൊണ്ടിരിക്കുന്നത്.

(ബി) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ദീർഘകാലമായി നിലവിലുണ്ടായിരുന്ന വൊക്കേഷണൽ വിഷയങ്ങളുടെ കരിക്കുലം, ആധുനിക സാങ്കേതിക വിദ്യകളുടെ വികാസവും തൊഴിൽ വിദ്യാഭ്യാസത്തിലെ .കാലികമായ മാറ്റങ്ങളും പരിഗണിച്ചുകൊണ്ട് മെച്ചപ്പെട്ട തൊഴിൽ വൈദഗ്ധ്യം ലഭ്യമാക്കി തൊഴിൽ ദാതാക്കൾ നിഷ്കർഷിക്കുന്ന നൈപുണ്യങ്ങൾ ആർജ്ജിക്കുന്നതിനും കൂടാതെ ഉപരിപഠന സാധ്യതകൾ വർദ്ധിപ്പിക്കുന്ന തരത്തിലുമാണ് നവീകരിച്ചിട്ടുള്ളത്.

(സി) പ്രസ്തുത പാഠ്യപദ്ധതി നവീകരണത്തിന് കേന്ദ്ര സഹായങ്ങൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. പൂർണ്ണമായും സംസ്ഥാന പദ്ധതി വിഹിതത്തിലാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) പാഠ്യപദ്ധതി നവീകരണത്തിന്റെ അവസാനഘട്ട പ്രവർത്തനങ്ങളും എസ്.സി.ഇ.ആർ.ടി.-യിൽ പൂർത്തിയായികഴിഞ്ഞു. ജൂൺ 23-ന് ചേർന്ന കരിക്കുലം കമ്മിറ്റി പുതുക്കിയ പാഠ്യപദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

ഒരു എയ്ഡഡ് ഹൈസ്കൂളിൽ നിന്ന് മറ്റൊരു എയ്ഡഡ് ഹൈസ്കൂളിലേക്കുള്ള നിയമനം

25 (3748) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു എയ്ഡഡ് ഹൈസ്കൂളിൽ നിന്ന് ഡിവിഷൻ ഫാൾ മൂലമോ മറ്റ് കാരണങ്ങളാലോ ഒരു അദ്ധ്യാപകനെ മറ്റൊരു എയ്ഡഡ് ഹൈസ്കൂളിൽ പുതുതായി നിയമിക്കുമ്പോൾ അയാളുടെ മുൻ ശമ്പളവും മുൻകാല സർവ്വീസും ആനുകൂല്യങ്ങളും സംരക്ഷിച്ചുനൽകുമോ ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly